നം.ആർ4/104720/2014-15/കോ.വി.വ

കോളേജ് വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം
തീയതി 29/09/2014

## വിജ്ഞാപനം

സംസ്ഥാനത്തെ എല്ലാ സർക്കാർ / എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളിലും വിവിധ യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റുകളിലും ബിരുദ ബിരുദാനന്തര കോഴ്സുകളിൽ 2014-15 അദ്ധ്യയന വർഷം 1-ാം വർഷ ക്ലാസ്സിൽ പ്രവേശനം ലഭിച്ച ദാരിദ്ര്യരേഖയ്ക്ക് താഴെ വരുമാനമുള്ള കുടുംബത്തിലെ വിദ്യാർത്ഥികളിൽ നിന്നും കേരള സ്റ്റേറ്റ് സുവർണ്ണ ജൂബിലി മെരിറ്റ് സ്കോളർഷിപ്പിനുവേണ്ടി അപേക്ഷകൾ ക്ഷണിക്കുന്നു.

അപേക്ഷകൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് വെബ് സൈറ്റായ www.dcescholarship.kerala.gov.in - ൽ Suvarna Jubilee Merit Scholarship (SJMS) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് **08/10/2014** - മുതൽ ഓൺലൈൻ ആയി സമർപ്പിക്കാം.

യോഗ്യത:-

(എ) അപേക്ഷകർ 2013-14 അധ്യായന വർഷത്തിൽ സംസ്ഥാനത്തെ സർക്കാർ / എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകൾ, യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റുകൾ ഇവയിലേതിലെങ്കിലും ഒന്നാം വർഷ ബിരുദ / ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളായിരിക്കണം.

(ബി) അപേക്ഷകർ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബത്തിലെ അംഗമായിരിക്കണം.

(സി) യോഗ്യത പരീക്ഷയിൽ 50% -ൽ അധികം മാർക്ക് നേടിയിരിക്കണം.

II സ്കോളർഷിപ്പുതുക

പ്രതിവർഷം 10,000/- രൂപ

III ബന്ധപ്പെട്ട മറ്റുവിവരങ്ങൾ:-

1. അപേക്ഷകർക്ക് ഐ.എഫ്.എസ്.സി. കോഡ് സൗകര്യമുള്ള ബാങ്കുകളിൽ ഏതെങ്കിലും ഒന്നിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. ബാങ്ക് അക്കൗണ്ട് ആധാർ നമ്പരുമായി ലിങ്ക് ചെയ്തിരിക്കണം.

2. ഓരോ സ്ഥാപനത്തിലും പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതിക മായിട്ടാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്.
3. ആകെയുള്ളതിന്റെ 10% സ്കോളർഷിപ്പുകൾ പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗ ത്തിൽപ്പെട്ടവർക്ക് സംവരണം ചെയ്തിരിക്കുന്നു.
4. 10 സ്കോളർഷിപ്പുകൾ വികലാംഗർക്കായി സംവരണം ചെയ്തിരിക്കുന്നു.
5. 5 സ്കോളർഷിപ്പുകൾ സംസ്ഥാന ദേശീയതലത്തിൽ കലാകായിക രംഗങ്ങളിൽ മികവ് പുലർത്തുന്നവർക്കുമായി സംവരണം ചെയ്തിരിക്കുന്നു.
6. മറ്റേതെങ്കിലും തരത്തിലുള്ള സ്കോളർഷിപ്പുകളോ സ്റ്റൈപ്പെന്റുകളോ കൈപ്പറ്റുന്ന വിദ്യാർത്ഥികൾക്ക് ഈ സ്കോളർഷിപ്പിന് അർഹതയില്ല. (പട്ടികജാതി / പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന ലംപ്സം ഗ്രാന്റിനെ ഈ നിബന്ധന യിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. സ്കോളർഷിപ്പിന് അർഹരായവരെ കണ്ടെത്തി കോളേജ് കൗൺസിലിന്റെ അംഗീകാരത്തോടുകൂടി സ്ഥാപന മേധാവി തയ്യാറാക്കുന്ന ലിസ്റ്റും ഖണ്ഡിക (5) പ്രകാരമുള്ള രേഖകളും അതാത് സ്ഥാപനങ്ങളിൽ സൂക്ഷിയ്ക്കേതാണ്.

IV <u>അപേക്ഷിക്കേണ്ട രീതി:-</u>

1. വിദ്യാർത്ഥികൾക്ക് അപേക്ഷകൾ ഓൺലൈനായി 08/10/2014 മുതൽ സമർപ്പി ക്കാവുന്നതാണ്. ഇതിനായി

   www.dcescholarship.kerala.gov.in എന്ന വെബ് സൈറ്റിലെ Suvarnajubilee Merit Scholarship (SJMS) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.
2. Apply online-ൽ ക്ലിക്ക് ചെയ്യുക
3. മറ്റു സ്കോളർഷിപ്പിനായി മുൻപ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ വച്ച് candidate login ചെയ്യുക.
4. അല്ലെങ്കിൽ New Registration -ൽ ക്ലിക്ക് ചെയ്ത് രജിസ്റ്റർ ചെയ്ത് submit ക്ലിക്ക് ചെയ്യുക.
5. സ്കോളർഷിപ്പ് പേജിൽ (SJMS) എന്ന ടാബിൽ ക്ലിക്ക് ചെയ്യുക.
6. കുടുംബ വാർഷിക വരുമാനം പൂരിപ്പിക്കുക.
7. SC / ST ആണോ OBC ആണോ PH ആണോ കലാകായിക രംഗങ്ങളിൽ സംസ്ഥാന ദേശീയ തലത്തിൽ മികവു പുലർത്തിയിട്ടുണ്ടോ എന്നീ വിവരങ്ങൾ സെല്ക്ട് ചെയ്യുക.
8. Submit ക്ലിക്ക് ചെയ്യുക.

9. ഓൺലൈനിലൂടെ അപേക്ഷ നൽകിയതിനുശേഷം view / Print Application ക്ലിക് ചെയ്ത് രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റ് ഔട്ട് എടുത്തിരിക്കണം.
10. രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റ് ഔട്ട്, ഭാഗം 5-ൽ പറയുന്ന രേഖകൾ സഹിതം വിദ്യാർത്ഥി ഇപ്പോൾ പഠിക്കുന്ന സ്ഥാപന മേധാവിക്ക് സമർപ്പിക്കേതാണ്.
11. വിദ്യാർത്ഥി സമർപ്പിച്ചിരിക്കുന്ന രേഖകളും രജിസ്ട്രേഷൻ പ്രിന്റ്ഔട്ടും ഓൺലൈൻവഴി സ്ഥാപനമേധാവിയോ അദ്ദേഹം ചുമതലപ്പെടുത്തി യിരിക്കുന്ന ഉദ്യോഗസ്ഥനോ പരിശോധിക്കേണ്ടതാണ് (Verification)
12. സൂക്ഷ്മ പരിശോധന നടത്തി കഴിഞ്ഞ അപേക്ഷകൾ സ്ഥാപനമേധാവി ഓൺലൈൻ വഴി അംഗീകരിച്ചിരിയ്ക്കണം(Approval)
13. ഓൺലൈൻ വഴി അംഗീകരിച്ച അപേക്ഷകൾ അതാതു സ്ഥാപനങ്ങളിൽ തന്നെ സൂക്ഷിക്കേണ്ടതാണ്. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് ഓഫീസിലെ ഇൻസ്പെക്ഷൻ ടീമിന് ഇവ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.
14. Verification and Approval അതാത് സ്ഥാപനങ്ങളിൽ നിർബന്ധമായും നടത്തേണ്ടതാണ്.
15. സ്കോളർഷിപ്പ് അപേക്ഷയിൽ നൽകുന്ന ബാങ്ക് അക്കൗണ്ട് സ്കോളർഷിപ്പു തുക ട്രാൻസ്ഫർ ചെയ്യുന്നതുവരെ പ്രവർത്തനക്ഷമമായി നിലനിർത്തേണ്ടതാണ്.
16. 18 വയസ്സിന് മുൻപ് എടുക്കുന്ന അക്കൗണ്ടുകളുടെ സ്റ്റാറ്റസ് 18 വയസ്സു തികയുന്ന സമയം അതാതു ബാങ്ക് ബ്രാഞ്ചുകളെ സമീപിച്ച് മൈനറിൽ നിന്നും അഡൽറ്റാക്കി മാറ്റേതാണ്.

V <u>സ്ഥാപനമേധാവിക്കു സമർപ്പിക്കേണ്ട രേഖകൾ</u>

1. അപേക്ഷകന്റെ ആറ് മാസത്തിനകം എടുത്ത പാസ്സ്പോർട്ട് സൈസ് ഫോട്ടോ പതിച്ച രജിസ്ടേഷൻ പ്രിന്റ് ഔട്ട് (ഇതിൽ സ്ഥാപനമേധാവി ഒപ്പ് രേഖപ്പെടുത്തിയിരിക്കണം)
2. എസ്.എസ്.എൽ.സി-മാർക്ക് ലിസ്റ്റിന്റെ കോപ്പി ഗസ്റ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

3. അപേക്ഷകന്റെ സ്വന്തംപേരിലുള്ള ബാങ്ക് പാസ്ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ കോപ്പി (സാക്ഷ്യപ്പെടുത്തിയത്) പേര്, അക്കൗണ്ട് നമ്പർ, ബ്രാഞ്ച്കോഡ്, ബ്രാഞ്ചിന്റെ അഡ്രസ് ഇവ രഖപ്പെടുത്തിയിരിക്കണം..
4. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്.
5. അപേക്ഷകർ ബി.പി.എൽ കുടുംബത്തിൽപ്പെട്ട അംഗമാണെന്ന് തെളിയിക്കുന്നതിനുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനമേധാവിയിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റ്
6. വരുമാന സർട്ടിഫിക്കറ്റ്
7. യോഗ്യതാ പരീക്ഷയിൽ ലഭിച്ച മാർക്ക് ലിസ്റ്റിന്റെ സാക്ഷ്യപ്പെടുത്തിയ ശരിപകർപ്പ്.
8. പട്ടികജാതി / പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് അത് തെളിയിക്കുന്ന തിനുള്ള സാക്ഷ്യപത്രം.
9. കലാകായിക മേഖലകളിൽ പ്രാവീണ്യമുള്ളവർക്ക് അത് തെളിയിക്കുന്നതി നുള്ള രേഖകളുടെ സാക്ഷ്യപ്പെടുത്തിയ ശരിപകർപ്പ്.
10. വികലാംഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ആയത് തെളിയിക്കുന്ന തിനുള്ള ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ശരിപകർപ്പ്.
11. ആധാർ കാർഡിന്റെ കോപ്പി.

VI <u>അവസാന തീയതികൾ</u>:-

**1.** ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കേ അവസാനതീയതി **31/10/2014**

**2.** രജിസ്ട്രേഷൻ പ്രിന്റൗട്ടും അനുബന്ധ രേഖകളും സ്ഥാപനമേധാവിക്ക് സമർപ്പിക്കേ അവസാന തീയതി **07/11/2014**

3. സ്ഥാപനമേധാവികൾ ഓൺലൈൻ വഴി verification -ഉം Approval ഉം പൂർത്തി യാക്കേണ്ട അവസാന തീയതി **15/11/2014**.

സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി